# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **27.10.2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 5622**

## കാർഷിക വികസന ബാങ്കുകളിലെ ഒറ്റത്തവണത്തീർപ്പാക്കൽ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) ഈ സാമ്പത്തിക വർഷം കടിശ്ശിക നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കാർഷിക വികസന ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുളള കടം തിരിച്ചടപ്പിക്കുന്നതിന് പലിശ ഇളവുകളോടെ ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിലുൾപ്പെടുത്തി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഉൾപ്പെടെയുളള സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പാ കടിശ്ശിക കുറയ്ക്കുന്നതിനും കടബാദ്ധ്യതയിലായ വായ്പക്കാർക്ക്/സഹകാരികൾക്ക് ആശ്വാസം നൽകുന്നതിനുമായി 2011 ജൂലൈ മുതൽ ഓഗസ്റ്റ് - സെപ്റ്റംബർ വരെയുളള കാലയളവിൽ 'ആശ്വാസ്'എന്ന പേരിൽ ഒരു കടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ കാലാവധി 15.09.2011 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയുടെ 8% ഇളവ് നൽകുന്ന 'good pay master scheme' കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31.12.2011 വരെയാണ്.

(ബി) കർഷകർക്ക് കടാശ്വാസമായി സഹകരണ ബാങ്കുകൾ വഴി ഇതുവരെ എത്രതുക എഴുതിത്തളളിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(ബി) എഴുതിത്തളളിയിട്ടില്ല.
എന്നാൽ കർഷകർക്ക് കാർഷിക കടാശ്വാസ പദ്ധതി പ്രകാരം ഇളവനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ